കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്

160 (4446) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ കൽപ്പള്ളി, അരയങ്കോട് നീർത്തട പ്രദേശങ്ങൾ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് വന്നതോടെ വെള്ളം കയറി കൃഷി യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിനായി പദ്ധതി തയ്യാറാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഫീൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവൂർ പഞ്ചായത്തിലെ കൽപ്പള്ളി അരയങ്കത്തോട് നീർത്തട പ്രദേശങ്ങൾ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് വന്നതോടെ വെള്ളം കയറി കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. നിലവിലുള്ള കൽപ്പള്ളിത്തോട് നവീകരിക്കുന്നതിനും വാല്യമ്മൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വി.സി.ബി. ഷട്ടറുകൾ ഉപയോഗയോഗ്യമാക്കി റെഗുലേറ്റർ ആക്കുന്നതിനും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതാനം താഴ്ത്തുന്നതിനും, കൂടാതെ പുതിയ സബ്സ്ട്രെയിനുകൾ, രണ്ട് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നതിനും വെള്ളം എത്താത്ത സ്ഥലങ്ങളിൽ പുതിയ കനാൽ നിർമ്മിച്ച് ജലസേചന സൗകര്യം നടത്തുന്നതിനും CWRDM നടത്തിയ പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചതിൻപ്രകാരം കൽപ്പള്ളി തോടിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുന്നതിനും വാല്യമ്മൽ വി.സി.ബി.യുടെ ഷട്ടറുകൾ പുനഃസ്ഥാപിച്ച് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതാനം കുറയ്ക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് ഒന്നാം ഘട്ടം എന്ന നിലയിൽ വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

(ബി) CWRDM-ന്റെ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികളിൽ സ്ഥലപരിശോധന നടത്തി ഇൻവെസ്റ്റിഗേഷൻ ആവശ്യമാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ ഏറ്റെടുത്ത് നടത്താനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly